# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1186 — 05.03.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ്<br>,, സി.കൃഷ്ണൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരപ്രദേശങ്ങളിൽ ഉടനീളം സ്വീകരിക്കേണ്ടുന്ന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പരിഗണിക്കുന്നതാണ്. |
| (ബി) | മത്സ്യഗ്രാമങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കും യഥാസമയം മുന്നറിയിപ്പുകൾ എത്തിക്കുന്നതിനും അടിയന്തരസഹായ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും | ഭാവിയിൽ ദുരന്ത വ്യാപ്തി ലഘൂകരിക്കുന്നതിന് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ശാസ്ത്രീയമായ മുന്നറിയിപ്പ് നൽകുന്നതിന വേണ്ടി ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം മത്സ്യവകുപ്പ് വഴി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ അന്തിമ ഘട്ടത്തിലാണ്. കടലിൽ 1500 കിലോ മീറ്റർ അകലെ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയും എന്നാണ് ഐ.എസ്.ആർ.ഒ അറിയിച്ചിട്ടുള്ളത്. കടലിൽപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സ്ഥാനം നിർണ്ണയിക്കാൻ സഹായകമായ റേഡിയോ ബീക്കണുകൾ നാവിക്-ൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോ മാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 260 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടു ണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊ ണ്ടു പോകണമെന്ന് നിർദ്ദേശിച്ചിട്ടു ണ്ട്. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ശുശ്രൂഷ നൽകുന്നതിനും അവരെ കരയിലെത്തിക്കുന്നതിനും ഉതകുന്ന മറൈൻ ആംബുലൻസ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചു. കടലിലെ താപ വ്യതിയാനങ്ങളെക്കുറിച്ചും മത്സ്യ ലഭ്യതയെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലെത്തിക്കുന്നതിന് ഇൻകോയിസുമായി ഫിഷറീസ് വകുപ്പ് |
| (സി) | മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാറ്റലൈറ്റ് വിവര വിനിമയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ഉടമ്പടിയിലേർപ്പെട്ടിട്ടു ണ്ട്. ഇതിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന 145778 മത്സ്യത്തൊഴിലാളി കളുടെ മൊബൈൽ നമ്പരുകൾ ഇൻകോയി സിന് നൽകിയിട്ടു ണ്ട്. മത്സ്യത്തൊഴിലാളികൾ കട ലിൽ പോകുമ്പോഴും മടങ്ങിവരുമ്പോഴും ആ വിവരം രേഖപ്പെടുത്തുന്നതിന് സഹായകമായ 'സാഗര' എന്ന ഒരുമൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി. യുമായി ചേർന്ന് വികസിപ്പിച്ചെടു ത്തിട്ടു ണ്ട്. അത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്തു നട പ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (ഡി) | തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതുകേന്ദ്രത്തിലും സൗജന്യ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതു കേന്ദ്ര ത്തിലും സൗജന്യ വൈ-ഫൈ സംവിധാനം ഏർപ്പെടു ത്തുമെന്ന് 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ